അഗതികൾക്കുവേണ്ടിയുള്ള വാർഡുകളിൽ കൂടുതൽ സൗകര്യങ്ങൾ

18 (6168) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) എറണാകുളം ജില്ലാ ആശുപത്രിയിലെ അഗതികളുടെ വാർഡിൽ ഒരു രോഗി മറ്റൊരു രോഗിയെ അടിച്ചു കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലെ അഗതികൾക്കുവേണ്ടിയുള്ള വാർഡുകളിൽ ഈ സംഭവത്തിന്റെ വെളിച്ചത്തിൽ എന്തെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ആവശ്യത്തിന് സ്റ്റാഫിനെ നിയോഗിക്കാനും പ്രത്യേക ഫണ്ട് നൽകാനും സാമൂഹ്യ സേവന പ്രവർത്തകർക്ക് ഇത്തരം രോഗികളെ സന്ദർശിക്കാനും സഹായങ്ങൾ ചെയ്യാനുമുള്ള സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതേക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. എം. കെ. ജീവനെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നം.2816/2010/ആ.കു.വ. തീയതി 21-7-2010 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്.

(സി) ജില്ലയിലെ മേജർ ആശുപത്രികളിലെ വാർഡുകളിൽ നേഴ്സിംഗ് സ്റ്റേഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യ സേവന പ്രവർത്തകർക്ക് ഇത്തരം രോഗികളെ സന്ദർശിക്കാനും സഹായങ്ങൾ ചെയ്യാനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ചിട്ടുമുണ്ട്.

കോട്ടപ്പടി ഗവൺമെന്റ് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

19 (6169) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ആസ്ഥാനത്തുള്ള കോട്ടപ്പടി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരും എൻ. ആർ. എച്ച്. എം. ഉം കോട്ടപ്പടി ആശുപത്രിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) അതിനായി എന്തു തുക ചെലവഴിച്ചെന്നും പുരോഗമന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോയെന്നും വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി ഏതെല്ലാം സ്പെഷ്യാലിറ്റി കേഡറുകളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; നിലവിൽ ഒഴിവുള്ള തസ്തികയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശുപാർശ ലഭ്യമാവുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) & (സി) പുതിയ ഒ. പി. ബ്ലോക്ക് കെട്ടിടം നിർമ്മിക്കുകയും ടോക്കൺ സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്തു. നാല് കമ്പ്യൂട്ടറുകൾ, രണ്ട് പ്രിന്ററുകൾ, റാപ്രോസ്കോപ്പിക് മെഷീൻ, അൾട്രാസൗണ്ട് സ്കാനർ, ഫ്രിഡ്ജ്, ഫർണിച്ചർ തുടങ്ങിയവ ലഭ്യമാക്കി. ഇവയ്ക്കെല്ലാം കൂടി 30 ലക്ഷം രൂപ ചെലവായിട്ടുണ്ട്. നഗരസഭയും എൻ. ആർ. എച്ച്. എം-ഉം സംയുക്തമായി നിർമ്മിക്കുന്ന കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ഡി) മലപ്പുറം താലൂക്കാശുപത്രിയിൽ 10 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 11 മെഡിക്കൽ ആഫീസർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി സ്പെഷ്യാലിറ്റി വിഭാഗങ്ങൾ അനുവദിക്കുന്ന കാര്യം ശുപാർശ ലഭ്യമാവുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

എസ്. എ. ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി

20 (6170) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ പ്രവർത്തിക്കുന്ന എസ്. എ. ടി ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി, എച്ച്.ഡി.എസ്-ൽ ലയിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവ് നൽകാനുള്ള സാഹചര്യവും, ഉത്തരവിന്മേൽ ആശുപത്രി അധികാരികൾ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) SATHEES,HDS-ൽ ലയിപ്പിക്കണമെന്ന അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം അനന്തര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) - (ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly